(സി) പരാതികൾ കിട്ടിയിട്ടുണ്ട്. ഉടൻതന്നെ വേണ്ട പ്രതിരോധനടപടികൾ നടത്തിയിട്ടുണ്ട്. നിവാരണനടപടികൾക്കായി പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ ഒരു പ്രത്യേക വകുപ്പില്ല.

(ഡി) അന്വേഷണം നടത്തി രോഗം നിയന്ത്രണാധീനമാക്കി.

(ഇ) അന്വേഷിച്ചു.

(എഫ്) . ഒരു കുട്ടിക്ക് ഡിഫ്ത്തീരിയാ എന്ന രോഗം പിടിപെട്ടു. ആ കുട്ടിയെ കോട്ടയം ഡിസ്ട്രിക്റ്റ് ആശുപത്രിയിൽ അയച്ചു. സുഖക്കേടു ഭേദമായതായി അറിഞ്ഞു. വേണ്ട പ്രതിരോധനടപടികൾ എടുക്കുകഴിഞ്ഞു.

## സംശയാസ്പദമായ മരണങ്ങൾ.

* 752. [36] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തു് നാളിതുവരെയായി ആകെ എത്ര സംശയാസ്പദമായ മരണങ്ങൾ, പോലീസുകാർ കക്ഷികളെ അറസ്റ്റു ചെയ്തു കൊണ്ടുപോയതിനുശേഷം, ഉണ്ടായിട്ടുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടു് ;

(ബി) ചിറ്റൂർ താലൂക്കിൽനിന്നു് ഇങ്ങനെ ഒരു ആരോപണം ഉണ്ടായിരുന്നില്ലേ ; അതിനു് എന്തു നടപടി എടുത്തു ;

(സി) കോട്ടയം ഡി. സി. സി. പ്രസിഡൻറ് ശ്രീ. ടി. ആർ. രാമൻപിള്ള, സെക്രട്ടറി ശ്രീ. ജോസഫ്, പി. സി. സി. മെംബർ ശ്രീ. പി. എം. ജോസഫ് എന്നിവർ ചേർന്നു് പാമ്പാടി സ്റ്റേഷനിലേക്കു് ചോദ്യം ചെയ്യാൻ വിളിച്ചുകൊണ്ടുപോയ ചെമ്പൻ എന്ന ആളുടെ മരണത്തെക്കുറിച്ചു് മാർച്ചു് 18–ാം തീയതി പുറപ്പെടുവിച്ച പ്രസ്താവന താലൂക്കിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അതിന്മേൽ എന്തു നടപടി എടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) രണ്ടു്. ഒന്നു് കാട്ടാക്കട പോലീസു് അറസ്റ്റു ചെയ്ത ഒരു ജി. മാധവൻപിള്ളയുടെ മരണവും മറ്റേതു് പാമ്പാടി പോലീസു് അറസ്റ്റു ചെയ്ത ചെമ്പൻ എന്നറിയപ്പെടുന്ന കോയിത്താനത്തു് ഔസേപ്പിൻറെ മരണവും സംബന്ധിച്ചു്.

(ബി) ഉണ്ടായിരുന്നു. അന്വേഷണങ്ങൾ നടത്തിയതിൽ ആരോപണങ്ങൾ അവാസ്തവമെന്നു കണ്ടു.

(സി) ഉണ്ടു്.

(ഡി) ചെമ്പൻറെ സംശയാസ്പദമായ മരണത്തെപ്പറ്റി അന്വേഷിച്ചു് റിപ്പോർട്ടു സമർപ്പിക്കുവാൻ കോട്ടയം ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly